**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 80** **23-01-2025 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ മുൻ എ.ഡി.എം.-ന്റെ മരണത്തിലെ ഇൻക്വസ്റ്റ്, പോസ്റ്റുമോർട്ടം നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കണ്ണൂർ മുൻ എ.ഡി.എം. നവീൻ ബാബുവിന്റെ മരണത്തിൽ ബന്ധുക്കളുടെ സാന്നിധ്യം ഇല്ലാതെ തിടുക്കപ്പെട്ട് ഇൻക്വസ്റ്റ് നടപടികൾ പൂർത്തിയാക്കിയതായ ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; ഏത് സാഹചര്യത്തിലാണ് ഇപ്രകാരം നടപടി സ്വീകരിച്ചത്; ഇൻക്വസ്റ്റ് റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | തിടുക്കപ്പെട്ട് ഇൻക്വസ്റ്റ് നടത്തിയിട്ടില്ല. ഇൻക്വസ്റ്റുമായി ബന്ധപ്പെട്ട് എല്ലാ നടപടിക്രമങ്ങളും പാലിച്ചിട്ടുണ്ട്. അന്വേഷണാവസ്ഥയിലുള്ള കേസിൽ, അന്വഷണത്തെ ബാധിക്കുമെന്നതിനാൽ ഇൻക്വസ്റ്റ് റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാനാകില്ല. |
| (ബി) | പരിയാരം മെഡിക്കൽ കോളേജിൽ പോസ്റ്റുമോർട്ടം നടത്തരുതെന്ന് നവീൻ ബാബുവിന്റെ ബന്ധുക്കൾ ആവശ്യപ്പെട്ടിട്ടും പ്രസ്തുത ആശുപത്രിയിൽ തന്നെ പോസ്റ്റുമോർട്ടം നടത്താൻ ഇടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ; പോസ്റ്റുമോർട്ടം റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | പോസ്റ്റുമോർട്ടത്തിന് മുൻപ് ബന്ധുക്കൾ പോലീസിനോട് അങ്ങനെയൊരു ആവശ്യം ഉന്നയിച്ചിരുന്നില്ല. അന്വേഷണഘട്ടത്തിലുള്ള കേസിൽ രേഖകളുടെ പകർപ്പ് ലഭ്യമാക്കാനാവുകയില്ല. |
| (സി) | നവീൻ ബാബുവിന്റെ അടിവസ്ത്രത്തിൽ രക്തക്കറ ഉണ്ടായിരുന്നതായി ഇൻക്വസ്റ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച നിഗമനങ്ങൾ പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ ഉൾപ്പെടാത്തതിന്റെ കാരണം അന്വേഷണസംഘം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ഇത് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ